വയസ്സുകഴപ്പംകൊണ്ട പിരിച്ചുവിട്ട ഉദ്യോഗസ്ഥന്മാർ

*൨൪൩. (൨൪) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

സ്റ്റേറ്റിലേ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ വയസ്സു കഴപ്പം കാരണത്തിന്മേൽ ൫൫ വർഷം സർവ്വീസു പൂർത്തിയാകുന്നതിനു മുമ്പു സർവ്വീസിൽനിന്നും പിരിച്ചു വിട്ടിട്ടുണ്ടോ?

Chief Minister **(Sri. T. K. Narayana Pillai):** Answer is not ready.

EXCISE DEPARTMENT

***244.** [25] **Sri. E. P. Poulose:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

(*a*) whether officers of the Excise Department transferred to the service of the Central Excise have made representations to this Government for allowing them to return to their former places in this State ; and

(*b*) if so, what action has been taken on it ?

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman) :**

(*a*) Representations have been received from some officers ;

(*b*) Government are considering the matter.

ശ്രീ. ഇ. പി. പൗലോസ്: ഇങ്ങനെ റപ്രസന്റേഷൻ കിട്ടിയിട്ടുള്ളതായി ഇൻഡ്യാഗവർമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പറ്റി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. പൗലോസ്: അങ്ങനെയുള്ളവരെ തിരിയെ ഇവിടത്തെ സർവ്വീസിലേക്കു വരുന്നതിനു അനുവദിച്ചുകൂടേ ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനു ഈ ഗവർമ്മെണ്ടുമാത്രം സമ്മതിച്ചാൽ പോരാ. ഇൻഡ്യാഗവർമ്മെണ്ടുമായി എഴുത്തുകുത്തു നടത്തണം.

ശ്രീ. ഇ. പി. പൗലോസ്. ഇൻഡ്യാഗവർമ്മെണ്ടുമായുള്ള എഗ്രിമെന്റിൽ ഈ കാര്യം സംബന്ധിച്ചു വല്ല അണ്ടർസ്റ്റാൻറിംഗും ഉണ്ടായിരുന്നോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാഗവർമ്മെണ്ടു സർവ്വീസു് കൂടുതൽ ദോഷകരമായതുകൊണ്ടാണോ അവർ തിരിയ്ക്കു വരണമെന്നു പറയുന്നതു് ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പറ്റി അറിവില്ല.

Sri. K. Sivarama Pillai: Was not a notice served to the effect that their services will be dispensed with ?

ശ്രീ. എൻ. കുഞ്ഞുരാമൻ: എനിക്കു് ഓർമ്മയില്ല. ചിലരെ സമ്മതം ചോദിക്കാതെതന്നെ മാറ്റിയിട്ടുണ്ടു്.

Sri. K. Sivarama Pillai: Are the Government aware that 75 per cent of the salt factory employees were served with a notice that their services will be dispensed with in a month, and that subsequently the Government of India cancelled that order ?

Sri. N. Kunjuraman: I am not aware.

ശ്രീ. എ. താണുപിള്ള: ഇവിടെനിന്നു് അങ്ങോട്ടെടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു് അവിടെ ഉടൻതന്നെ ജോലിചെയ്യുന്നതുസംബന്ധിച്ചു് എന്തെങ്കിലും കഴപ്പുമുണ്ടോ എന്നു ഗവർമ്മെണ്ടു് അന്വേഷിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly